# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5162 06.02.2014-ൽ മറുപടിയ്ക്ക്

### നിയമ വിരുദ്ധമായി ഫോൺ ചോർത്തിയത് സംബന്ധിച്ച കേസ്സുകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ബി. സത്യൻ | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| എ) ഫോൺ നിയമവിരുദ്ധമായി ചോർത്തുന്നത് സംബന്ധിച്ച് ഈ സർക്കാരിന്റെ കാലത്ത് ലഭിച്ച പരാതികളെക്കുറിച്ച് അന്വേഷിക്കുക യുണ്ടായോ ;<br><br>ബി) ഫോൺ ചോർത്തുന്നതുമായി ബന്ധപ്പെട്ട് എത്ര പരാതികൾ സർക്കാരിൽ ലഭിച്ചി ട്ടുണ്ട് ; ആരുടെയൊക്കെ; ഇതിൽ സർക്കാർ അനുമതി നല്കിയതിന്റെ അടി സ്ഥാനത്തിലുള്ള ഫോൺ ചോർത്തലുകൾ ഏതൊക്കെയാണ് ; വിശദമാക്കാമോ ; | (എ) & (ബി)<br><br>ഫോൺ സംഭാഷണങ്ങൾ നിരീക്ഷിക്കുന്നു എന്നാരോപിച്ച് ശ്രീ. കോടിയേരി ബാലകൃഷ്ണൻ, എം. എൽ. എ. സർക്കാരിലും സി. പി. ഐ. (എം) കണ്ണൂർ ജില്ലാ സെക്രട്ടറി ശ്രീ. പി. ജയരാജൻ, ശ്രീ. വി. എസ്. സുനിൽ കുമാർ, എം.എൽ.എ. എന്നിവർ സംസ്ഥാന പോലീസ് മേധാവിക്കും ശ്രീമതി. കെ. കെ. ലതിക, എം. എൽ. എ., ബഹു. ചീഫ് വിപ്പ്, ശ്രീ. പി. സി. ജോർജ്ജ് എന്നിവർ ബഹു. നിയമസഭാ സ്പീക്കർക്കും പരാതി നല്കിയിരുന്നു. ഈ വിഷയം സംബന്ധിച്ച് ശ്രീ. പി. ജയരാജൻ, ശ്രീ. എളമരം കരീം, എം.എൽ.എ എന്നിവർ കേരള ഹൈക്കോ ടതിയിൽ റിട്ട് പെറ്റീഷനുകൾ ഫയൽ ചെയ്തി ട്ടുണ്ട്. പരാതികൾ സംബന്ധിച്ച് അന്വേഷണം നടത്തുകയും പരാതികളിൽ കഴമ്പില്ല എന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. അതീവ രഹസ്യ സ്വഭാവമുള്ളതാകയാൽ കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്താൻ നിർവ്വാഹമില്ല. |
| സി) ഫോൺ ചോർത്താനുള്ള സംവിധാനങ്ങൾ ദുരുപയോഗിക്കപ്പെടുന്നില്ലെന്ന് ഉറപ്പാക്കിയി ട്ടുണ്ടോ ; എങ്കിൽ എപ്രകാരമാണ് ; വിശദ മാക്കാമോ ;<br><br>ഡി) ഈ സംവിധാനം കൈകാര്യം ചെയ്യുന്നവർ ആരൊക്കെയാണ് ; നിയമവിരുദ്ധമായി ഫോൺ ചോർത്തിയാൽ അത് മനസ്സിലാ ക്കാനും മേൽ നടപടി സ്വീകരിക്കാനും സാധ്യമാണോ ; വ്യക്തമാക്കാമോ ? | സി & ഡി)<br><br>പൊതുസുരക്ഷയും അടിയന്തിരസ്ഥിതിയും മുൻ നിർത്തി രാജ്യത്തിന്റെ പരമാധികാരം, അഖണ്ഡത, ആഭ്യന്തര കുറ്റകൃത്യങ്ങൾ തടയൽ, പബ്ലിക് ഓർഡർ, കേസന്വേഷണം മുതലായ കാര്യങ്ങൾ പരിഗണിച്ച് 1885 – ലെ ഇന്ത്യൻ ടെലഗ്രാഫ് ആക്ടിലെ വകുപ്പ് 5(2), 2000 – ലെ ഇൻഫർമേഷൻ ടെക്നോളജി ആക്ടിലെ വകുപ്പ് 69 നിയമങ്ങളുടെ കീഴിൽ ഉണ്ടാക്കി യിട്ടുള്ള ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ കർശനമായി പാലിച്ചുകൊണ്ട് ടെലഫോൺ/ ഇ-മെയിൽ വഴിയുള്ള ആശയ വിനിമയങ്ങൾ നിരീക്ഷിക്കുന്നതിന് സംസ്ഥാനത്ത് അനുമതി നല്കുന്നത് ആഭ്യന്തര വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയാണ്. അടിയന്തിര ഘട്ടങ്ങളിൽ സംസ്ഥാന പോലീസിലെ ഐ. ജി. റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥന് ഇതിനായി സേവന ദാതാക്കളെ സമീപിക്കാവുന്നതാണ്. ഇക്കാര്യം |

3 ദിവസത്തിനുള്ളിൽ ആഭ്യന്തര വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് റിപ്പോർട്ട് ചെയ്യേണ്ടതും, 7 പ്രവൃത്തി ദിവസങ്ങൾക്കകം സാധൂകരണം നൽകേണ്ടതുമാണ്. ഇപ്രകാരം തീർത്തും നിയമവിധേയമായി പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ അടിസ്ഥാനത്തിലല്ലാതെ ടെലഫോണുകൾ നിരീക്ഷിക്കുന്ന സ്ഥിതിവിശേഷം നിലവിലില്ല. ടെലഫോണുകൾ നിരീക്ഷിക്കുന്നതിന് നല്കിയ അനുമതി ഉത്തരവുകൾ പരിശോധിക്കുന്നതിന് സംസ്ഥാന ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഒരു റിവ്യൂ കമ്മിറ്റി നിലവിലുണ്ട്. കമ്മിറ്റി കൃത്യമായ ഇടവേളകളിൽ യോഗം ചേർന്ന് ഉത്തരവുകൾ പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. അതീവ രഹസ്യ സ്വഭാവമുള്ളതാകയാൽ കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്താൻ നിർവ്വാഹമില്ല.

സെക്ഷൻ ഓഫീസർ